©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2015 ഒക്ടോബർ 20<br>20th October 2015<br>1191 തുലാം 3<br>3rd Thulam 1191<br>1937 ആശ്വിനം 28<br>28th Aswina 1937 | നമ്പർ<br>No. 2391 |

## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

വിജ്ഞാപനം

നമ്പർ 10096/ഇ1/2013/തൊഴിൽ. *തിരുവനന്തപുരം, 2015 ഒക്ടോബർ 8*
*1191 കന്നി 22.*

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2011 ആഗസ്റ്റ് 9-ാം തീയതിയിലെ സ. ഉ. (കൈയ്യെഴുത്ത്) 114/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 ആഗസ്റ്റ് 22-ാം തീയതിയിലെ 1602-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 515/2011 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം അതിലംഘിച്ചുകൊണ്ട് കേരള സർക്കാർ സംസ്ഥാനത്തെ ചൂരൽ മുള വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ സംബന്ധിച്ച്

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/4062/2015/S-11.

താഴെ പട്ടികയിൽ പറയുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്നതനുസരിച്ച് അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

ഈ വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ ഇത് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ട് മാസം തികയുന്ന തീയതിക്കോ അതിനുശേഷമോ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനുമുമ്പോ ഏതെങ്കിലും ആളിൽനിന്നും ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ എന്തെങ്കിലുമുണ്ടെങ്കിൽ അവയും സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

പട്ടിക

## I. ഈറ്റ/മുള തൊഴിലാളികൾ

| *ക്രമ നമ്പർ* | *വിഭാഗം/ജോലി* | *വേതന നിരക്ക് (രൂപ)* | *ഒരു ദിവസത്തെ അദ്ധ്വാനഭാരം* |
|---|---|---|---|
| (1) | (2) | (3) | (4) |
| ***1. പീസ് റേറ്റ്*** | | | |
| 1 | ഈറ്റ വെട്ടുന്നവർ | ഒരു കെട്ടിന് 45 | അഞ്ച് കെട്ട് |
| | ***പനമ്പ് നെയ്ത്ത്*** | | |
| (എ) | ഫെയ്സ് പനമ്പ് | ഒരു സ്ക്വയർ ഫീറ്റിന് 3.50 | 45 സ്ക്വയർ ഫീറ്റ് |
| (ബി) | കോർ പനമ്പ് | ഒരു സ്ക്വയർ ഫീറ്റിന് 3.00 | 55 സ്ക്വയർ ഫീറ്റ് |
| (സി) | കമേഴ്സ്യൽ പനമ്പ് | ഒരു സ്ക്വയർ ഫീറ്റിന് 2.25 | 90 സ്ക്വയർ ഫീറ്റ് |
| ***2. ദിവസ വേതന നിരക്ക്*** | | | |
| | *സ്കിൽഡ് വിഭാഗം* | *പ്രതിദിന വേതനം (രൂപ)* | |
| | (1) മെഷീൻ ഓപ്പറേറ്റർ | 550 | |
| | (2) കാർപെന്റർ | 550 | |
| | (3) പെയിന്റർ | 550 | |
| | (4) പോളിഷർ | 550 | |

| *സ്കിൽഡ് വിഭാഗം :* | *പ്രതിദിന വേതനം (രൂപ)* |
|---|---|
| (5) ട്രീറ്റ്മെന്റ് വർക്കർ | 550 |
| (6) ട്രീറ്റ്മെന്റ് പ്രോസസ്റ്റർ | |
| (7) ടൈൽ വർക്കർ | |
| (8) കർട്ടൻ മേക്കർ | |
| (9) വീവർ | |
| (10) ടൈലറിംഗ് വർക്കർ | |
| (11) ബാംബു ഓർണമെന്റ് വർക്കർ | |

*അൺസ്കിൽഡ് വിഭാഗം*

| | |
|---|---|
| (1) അസിസ്റ്റന്റ് /ഹെൽപ്പർ | 380 |
| (2) ജനറൽ വർക്കർ | |

**II. ചൂരൽ വിഭാഗം**

| *ക്രമ നമ്പർ* | *വിഭാഗം/ജോലി* | *പ്രതിദിന വേതനം (രൂപ)* |
|---|---|---|
| 1. | *സ്കിൽഡ് വിഭാഗം :* | |
| (1) | ഫ്രെയിം വർക്കർ | 550 |
| (2) | പോളിഷർ | |
| (3) | മറ്റ് സ്കിൽഡ് ജോലിക്കാർ | |
| 2. | *അൺസ്കിൽഡ് വിഭാഗം :* | |
| (1) | ചൂരൽ തയ്യാറാക്കലിലും മറ്റു പ്രാഥമിക ജോലികളിലും ഏർപ്പെട്ടിരിക്കുന്നവർ | 450 |
| (2) | ഹെൽപ്പർ | 380 |
| (3) | ക്ലീനർ | 360 |

**III. ക്ഷാമബത്ത**

പീസ്റേറ്റുകാർക്കും ദിവസവേതനക്കാർക്കും സംസ്ഥാന സർക്കാരിന്റെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതതു ജില്ലാ കേന്ദ്രങ്ങൾക്കു വേണ്ടി പ്രസിദ്ധീകരിക്കുന്ന 1998-99=100 ഉപഭോക്തൃ വില സൂചികയിൽ 250 പോയിന്റിന് മുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിദിനം ഒരു രൂപ ഇരുപത് പൈസ നിരക്കിൽ മാറിക്കൊണ്ടിരിക്കുന്ന ക്ഷാമബത്ത (വേരിയബിൾ ഡി. എ.) നൽകേണ്ടതാണ്.

പീസ്റേറ്റ് വിഭാഗക്കാർക്ക് മുഴുവൻ ക്ഷാമബത്തയും അനുവദിക്കുന്നതിന് നിർദ്ദിഷ്ട അദ്ധ്വാനഭാരം പൂർത്തിയാക്കിയിരിക്കേണ്ടതും ഈ ആവശ്യത്തിലേക്കായി ഓരോ ആഴ്ചയിലും തൊഴിൽ ഉൽപ്പാദനം കണക്കാക്കേണ്ടതും പ്രതിദിനം ഒരു ക്ഷാമബത്ത എന്ന നിരക്കിൽ ആഴ്ചയിൽ പരമാവധി 6 ക്ഷാമബത്തയും നൽകേണ്ടതാണ്. പ്രവൃത്തി ചെയ്ത ദിവസങ്ങളിൽ മാത്രമേ ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.

**IV.** നിലവിൽ മറ്റേതെങ്കിലും ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന ജീവനക്കാരുടെ സംഗതിയിൽ ആയത് തുടർന്നും ലഭിക്കേണ്ടതാണ്.

**V.** മേൽ നിശ്ചയിച്ച വേതന നിരക്കിനെക്കാൾ ഉയർന്ന വേതനം തൊഴിലാളികൾക്ക് യഥാർത്ഥത്തിൽ ലഭിക്കുന്നിടത്ത് അപ്രകാരമുള്ള ഉയർന്ന വേതനം തുടർന്നും ലഭിക്കുവാൻ അർഹതയുണ്ട്.

**VI.** ദിവസവേതനക്കാരുടെ പ്രതിമാസ വേതന നിരക്ക് ക്ഷാമബത്ത അടക്കമുള്ള പ്രതിദിന വേതനത്തെ 26 കൊണ്ട് ഗുണിച്ച് കണക്കാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

No. 10096/E1/2013/LBR. *Dated, Thiruvananthapuram, 8th October, 2015*
*22nd Kanni, 1191.*

The following proposal for the revision of minimum rates of wages which the Government of Kerala propose to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948), and in supersession of the notification issued under G.O. (Ms.) No. 114/2011/LBR, dated 9th August, 2011 and published as S.R.O. No. 515/2011 in the Kerala Gazette Extraordinary No. 1602 dated 22nd August, 2011, as payable to the employees employed in the Cane and Bamboo Industry Sector in the State of Kerala as specified in the Schedule below are hereby published for the information of all persons likely to be affected thereby as required under clause (b) of sub-section (l) of section 5 of the said Act.

Notice is hereby given that the proposal will be taken up for consideration on or after two months from the date of publication of this Notification in the Gazette and the objections and suggestions, if any, that may be received from any person with respect to the said proposal on or before the date specified above will be considered by the Government. All objections and suggestions shall be addressed to the Principal Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram-695 001.

SCHEDULE

**I. Reed/Bamboo Workers**

| Sl. No. | Category/Work | Rate of wages (₹) | Work Load for a day |
|---|---|---|---|
| (1) | (2) | (3) | (4) |
| **1. *Piece rate*** | | | |
| | (1) Reed Cutting Workers | 45 per bundle | Five bundles |
| | ***Mat weaving*** | | |
| | (a) Face mat | 3.50 per Square Feet | 45 Square Feet |
| | (b) Core mat | 3.00 per Square Feet | 55 Square Feet |
| | (c) Commercial mat | 2.25 per Square Feet | 90 Square Feet |

***2. Daily wage Rates***

| | *Skilled Workers:* | *Daily wage Rates (₹)* |
|---|---|---|
| (1) | Machine Operator | 550 |
| (2) | Carpenter | 550 |
| (3) | Painter | 550 |
| (4) | Polisher | 550 |
| (5) | Treatment Worker | 550 |
| (6) | Treatment Processor | 550 |
| (7) | Tile Worker | 550 |
| (8) | Curtain Maker | 550 |
| (9) | Weaver | 550 |
| (10) | Tailoring Worker | 550 |
| (11) | Bamboo Ornament Worker | 550 |
| | *Unskilled Workers :* | |
| (1) | Assistant/Helper | 380 |
| (2) | General Worker | 380 |

**II. Cane Workers**

| Sl. No. | Category/Work | Daily wage Rates (₹) |
|---|---|---|
| 1. | *Skilled Workers:* | |
| | (1) Frame Worker | 550 |
| | (2) Polisher | |
| | (3) Other skilled workers | |
| 2. | *Unskilled Workers:* | |
| | (1) Those who are engaged in the preparation of Cane and other preliminary works | 450 |
| | (2) Helper | 380 |
| | (3) Cleaner | 360 |

**III. Dearness Allowance**

The piece rate and daily rated workers are eligible for Dearness Allowance (Variable DA) at the rate of One rupee and twenty paise per day for the increase of every one point above the 250 point of new series of Consumer Price Index Number 1998-99=100 being published District-wise by the Economics and Statistics Department of the Government of Kerala.

For the eligibility of full Dearness Allowance, the piece rated workers have to complete the prescribed workload and for the purpose, the work output computed on each week has to be reckoned and Dearness Allowance shall be paid at the rate of one Dearness Allowance for a day with a maximum of six Dearness Allowances a week. The Dearness Allowance is eligible only for working days.

**IV.** In the case of employees who are currently in receipt of any other benefits shall continue to receive the same.

**V.** Wherever the workers are actually in receipt of higher wages than the minimum wages fixed above, they are entitled to continue to get such higher wages.

**VI.** The monthly rate in respect of those for whom daily rate is fixed may be calculated by multiplying the daily rate by 26.

By order of the Governor,

TOM JOSE,

*Principal Secretary to Government.*